Mathrubhumi 03.11.17

# തെങ്ങിൻെറ ജനിതക ഭൂപടം ചൈനയിൽ തയ്യാർ



- തെങ്ങിൻെറ ജനിതകഘടന പൂർണമായും അനാവരണം ചെയ്തതായി ചൈനീസ് ഗവേഷകർ. നാല് വർഷം നീണ്ട പഠനത്തിനൊടുവിലാണ് ചൈനീസ് അക്കാദമി ഓഫ് ട്രോപ്പിക്കൽ അഗ്രിക്കൾച്ചറൽ സയൻസ് നാളികേരത്തിൻെറ ജനിതക ഭൂപടം തയ്യാറാക്കിയതെന്ന് സിൻ ഹുവ റിപ്പോർട്ട് ചെയ്തു.

ഒരു ജീവവർഗത്തിൻെറ ഡി.എൻ.എ.യിലുള്ള ജീനുകളുടെ വിന്യാസക്രമം പൂർണമായും അനാവരണം ചെയ്താണ് ജനിതകഭൂപടം തയ്യാറാക്കുന്നത്. തെങ്ങിൽ 282 ജീൻ കുടുംബങ്ങൾ കണ്ടെത്തിയതായി അക്കാദമി ഗവേഷകൻ യാങ് യാവൊദൊങ് പറഞ്ഞു.

തെങ്ങിനെ ബാധിക്കുന്ന രോഗങ്ങൾ തടയുന്നതിനും അത്യുത്പാദനശേഷിയും ഗുണമേന്മയുമുള്ള ഇനങ്ങൾ വികസിപ്പിക്കുന്നതിനും ജനിതകം തിരിച്ചറിഞ്ഞതിലൂടെ സാധിക്കും. ജിഗ സയൻസ് ജേണലിൽ പഠനം പ്രസിദ്ധീകരിച്ചു.